"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ജീവനക്കാര്യം - സമാശ്വാസ തൊഴിൽദാന പദ്ധതി - ശ്രീ. ജോൺസൺ വർഗ്ഗീസ് (S/o. Late ഏലിയാമ്മ റ്റി.എം, ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-II, സാമൂഹികാരോഗ്യ കേന്ദ്രം, കല്ലൂപ്പാറ) - ന് ആരോഗ്യ വകുപ്പിൽ ക്ലർക്ക് തസ്തികയിലേയ്ക്ക് നിയമന അനുമതി നല്കിയ ഉത്തരവ് റദ്ദ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ്**

സ.ഉ.(കൈ) നം.28/2026/H&FWD തീയതി, തിരുവനന്തപുരം, 27-01-2026

---

പരാമർശം:-

1. സ.ഉ.(പി) നം.12/99/ഉഭപവ തീയതി 24.05.1999.
2. സ.ഉ.(കൈ) നം.165/2022/ആ.കു.വ തീയതി 07.08.2022.
3. ശ്രീ. ജോൺസൺ വർഗ്ഗീസ് സമർപ്പിച്ച 18.07.2025 തീയതിയിലെ തസ്തികമാറ്റ അപേക്ഷ.
4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 24.10.2025 തീയതിയിലെ DHS/13234/2024-EH4 നമ്പർ കത്ത്.

**ഉത്തരവ്**

ശ്രീ. ജോൺസൺ വർഗ്ഗീസ്(S/o. Late ഏലിയാമ്മ റ്റി.എം)-ന് സമാശ്വാസ തൊഴിൽദാന പദ്ധതിയ്ക്ക് കീഴിൽ പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം ആരോഗ്യ വകുപ്പിൽ എൽ.ഡി. ക്ലർക്ക് തസ്തികയിൽ നിയമനത്തിന് അനുമതി കിട്ടിയിട്ടും നിയമനം നാളിതുവരെ ലഭിച്ചിട്ടില്ലായെന്നും ആയതിനാൽ തസ്തികമാറ്റം വഴി വിവിധ വകുപ്പുകളിലെ ഓഫീസ് അറ്റൻഡൻറ് തസ്തികയിൽ നിയമനത്തിനായി പരിഗണിക്കണമെന്നും കാണിച്ച് പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2) ആശ്രിത നിയമന പദ്ധതി പ്രകാരം ക്ലർക്ക് തസ്തികയിൽ നിയമനാനുമതി നൽകി സർക്കാർ ഉത്തരവായിട്ടും നിയമന ഉത്തരവ് ലഭിക്കാനായി 231 പേർ ഇനിയും വകുപ്പിലുണ്ടെന്നും അപേക്ഷാ തിയതി 27.06.2014 വരെയുള്ളവർക്കാണ് അവസാനമായി നിയമനം നൽകിയിട്ടുള്ളതെന്നും നിലവിലെ വ്യവസ്ഥ അനുസരിച്ച് ആശ്രിത നിയമനം ജില്ലാ തലത്തിലാണെങ്കിലും സംസ്ഥാന തലത്തിലാണെങ്കിലും ഓരോ 16-മത്തെ ഒഴിവും ആശ്രിത നിയമനം വഴി നികത്തേണ്ടതാണെന്നും പരാമർശം (4) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതുഭരണ (സർവ്വീസസ്- ഡി) വകുപ്പിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന, വിവിധ വകുപ്പുകളുടെ കീഴിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ശ്രീ. ജോൺസൺ വർഗ്ഗീസ്-നെ പരിഗണിക്കേണ്ടതിനായി, ടിയാന് ആരോഗ്യ വകുപ്പിൽ എൽ.ഡി ക്ലർക്ക് തസ്തികയിൽ ആശ്രിത നിയമനത്തിന് അനുമതി നൽകിയിരുന്ന പരാമർശം (2) ഉത്തരവ് റദ്ദ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

ജോയിന്റ് സെക്രട്ടറി

ശ്രീ. ജോൺസൺ വർഗ്ഗീസ്, കോഴിമണ്ണിൽ ഹൗസ്, നാറോമ്മാവ് പി.ഒ, പുന്നവേലി, പത്തനംതിട്ട.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, പത്തനംതിട്ട.
ജില്ലാ മെഡിക്കൽ ഓഫീസർ, പത്തനംതിട്ട.
മെഡിക്കൽ ഓഫീസർ, സാമൂഹികാരോഗ്യ കേന്ദ്രം, കല്ലൂപ്പാറ, പത്തനംതിട്ട.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പ് (10.10.2023 തീയതിയിലെ RULES-3/160/2023-PandARD നമ്പർ അഭിപ്രായക്കുറിപ്പ് പ്രകാരം).
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ശേഖരം /ഓഫീസ് കോപ്പി-(F2/265/2023-HEALTH നമ്പർ ഫയലിലേയ്ക്ക്).

ഉത്തരവിൻ പ്രകാരം

Signed by
Vilasini K V
സെക്ഷൻ ഓഫീസർ
Date: 27-01-2026 19:50:22